പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 3046 — 13.07.2015 ൽ മറുപടിയ്ക്ക്

**മാവേലിക്കരയിലെ മോഷണവും ഭവനഭേദനവും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാജേഷ് | ശ്രീ. രമേശ് ചെന്നിത്തല (ബഹു.ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ വ്യാപകമായ മോഷണവും ഭവനഭേദനവും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മാവേലിക്കര മണ്ഡലത്തിൽ മോഷണവും ഭവന ഭേദനവും സംബന്ധിച്ച് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ വ്യാപകമായ മോഷണവും, ഭവന ഭേദനവും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പ്രസ്തുത സംഭവങ്ങളുമായി ബന്ധപ്പെട്ട് മാവേലിക്കരയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ എടുത്ത കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽപ്പെട്ട മാവേലിക്കര പോലീസ് സർക്കിളിൽ ഇതു സംബന്ധിച്ച് 176 കേസുകൾ (മാവേലിക്കര-44, നൂറനാട്-76, വള്ളികുന്നം-34, കുറത്തികാട്-22) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ഉടൻ തന്നെ ശാസ്ത്രീയ തെളിവുകൾ ശേഖരിച്ചും സംഭവ സ്ഥലങ്ങളിലെ മൊബൈൽ ടവറുകൾ കേന്ദ്രീകരിച്ചും ആവശ്യമാണെന്ന് കാണുന്ന കേസുകളിന്മേൽ പ്രത്യേകം സ്ക്വാഡുകൾ രൂപീകരിച്ചും കേസ് തെളിയിക്കുന്നതിന് ആവശ്യമായ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ